**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **05-07-2022 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് നഗരസഭ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് മണ്ഡലത്തിലെ കുത്തുപറമ്പ് നഗരസഭ സ്റ്റേഡിയം സ്പോർട്സ് കൗൺസിൽ നവീകരിച്ചെങ്കിലും തുടർപരിപാലനം സംബന്ധിച്ച് വ്യക്തത വരാത്തതിനാൽ കൃത്യമായ പരിപാലനം നടത്താനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച കുത്തുപറമ്പ് നഗരസഭാ സ്റ്റേഡിയത്തിന്റെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേഡിയത്തിന്റെ ഭൂമി കൈമാറ്റ നടപടികൾ കൈക്കൊള്ളുന്നത് വരെ സ്റ്റേഡിയത്തിന്റെ പരിപാലനത്തിനായി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനു തീരുമാനിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടവരുടെ പേരുകൾ ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ, ജില്ലാ കളക്ടർ തുടങ്ങിയവരിൽ നിന്നും ലഭ്യമാക്കി നൽകണമെന്ന് നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടവരുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ് കൂടി സ്റ്റേഡിയത്തിന്റെ പരിപാലനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കായിക താരങ്ങൾക്ക് അനുവദിച്ച സ്റ്റേഡിയത്തിലെ റൂമുകൾ സ്പോർട്സ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി കൂടുന്ന സമയത്ത് കായികതാരങ്ങൾക്ക് അനുവദിച്ച റൂമുകൾ സ്പോർട്സ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല നഗരസഭയ്ക്ക് നൽകിക്കൊണ്ടുള്ള ഉത്തരവിറക്കാൻ തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ